

# ടി.ഒ ബാവ: ഇസ്‌ലാമികപ്രസ്ഥാനത്തിന്റെ സഹയാത്രികൻ

ശൈഖ് മുഹമ്മദ് കാരകുന്ന്

**വ്യക്തിജീവിതത്തിലെന്ന** പോലെ പൊതുജീവിതത്തിലും വിശുദ്ധി കൈമോശം വരാതിരിക്കാൻ കണിശത പുലർത്തിയ സ്നേഹനിധിയായ കാരണവരെയാണ് ടി.ഒ ബാവ സാഹിബിന്റെ നിര്യാണം മൂലം കേരളത്തിന് നഷ്ടമായത്. ഇസ്‌ലാമികപ്രസ്ഥാനത്തിന് ഗുണകാംക്ഷിയായ സഹയാത്രികനെയും. കഴിഞ്ഞ കൊല്ലം ഫെബ്രുവരിയിൽ എറണാകുളത്ത് നടന്ന ജമാഅത്തെ ഇസ്‌ലാമി ജില്ലാ സമ്മേളനത്തിൽ വെച്ചാണ് അദ്ദേഹത്തെ അവസാനമായി കണ്ടത്. എൺപത്തി ഏഴാമത്തെ വയസ്സിൽ വാർധക്യത്തിന്റെ വിവശതകളുണ്ടായിട്ടും ഏറെ പ്രയാസം സഹിച്ച് സമ്മേളനത്തിനെത്തിയത് പ്രസ്ഥാനത്തോടുള്ള അതിയായ താൽപര്യവും ബന്ധവും കാരണമായാണ്. ജില്ലയിൽ പ്രസ്ഥാനം നേടിയ വളർച്ചയിലും പുരോഗതിയിലും സന്തോഷവും അഭിമാനവും പ്രകടിപ്പിച്ചാണ് അന്ന് സമ്മേളനത്തിൽനിന്ന് മടങ്ങിയത്.

ആലുവയിലെ തോട്ടുമുഖത്തെ തറവാട്ടുവീട്ടിൽ വിശ്രമജീവിതം നയിക്കവെ നാലഞ്ചുവർഷം മുമ്പ് ചെന്നു കണ്ടപ്പോഴും ഒന്നിച്ചു ചെലവഴിച്ച സമയമത്രയും സംസാരം മുഴുവൻ ജമാഅത്തിനെയും ജീർണമായ പൊതുജീവിതത്തെ ശുദ്ധീകരിക്കുന്നതിൽ അതിനു വഹിക്കാനുള്ള പങ്കിനെയും സംബന്ധിച്ചായിരുന്നു. പ്രസ്ഥാനവുമായുള്ള ബാവ സാഹിബിന്റെ ബന്ധത്തിന് ആറു പതിറ്റാണ്ടിന്റെ പഴക്കമുണ്ട്. ദക്ഷിണ കേരളത്തിൽ ജമാഅത്തെ ഇസ്‌ലാമിയുടെ ആദ്യത്തെ പ്രവർത്തനവൃത്തം രൂപം കൊണ്ടത് ആലുവയിലാണ്. 1949-ലായിരുന്നു അത്. അന്ന് രൂപീകരണയോഗത്തിൽ സംബന്ധിച്ച പതിനഞ്ചുപേരിൽ ഒരാൾ ടി.ഒ ബാവ സാഹിബായിരുന്നു. യോഗത്തിൽ പ്രസ്ഥാനത്തെ പ്രതിനിധീകരിച്ച് പങ്കെടുത്ത ഹാജിസാഹിബ് പ്രവർത്തനവൃത്തം (ഹംദർദ് ഹൽഖ) രൂപീകരിക്കാൻ സമയമായിട്ടില്ലെന്നും പ്രസ്ഥാനത്തെ നന്നായി പഠിച്ചറിഞ്ഞശേഷം മതി അതെന്നും അഭിപ്രായപ്പെട്ടപ്പോൾ ബാവ സാഹിബ് പറഞ്ഞു: "ഇവിടെ ഒത്തുകൂടിയവർ പല സംഘങ്ങളുമായും ബന്ധമുള്ളവരാണ്. ജമാഅത്തുമായി സഹകരിക്കാൻ സന്നദ്ധരായവരെയൊക്കെ ഉൾപ്പെടുത്തി പ്രവർത്തനവൃത്തം ഉണ്ടാക്കുന്നതാണ് നല്ലതെന്ന് തോന്നുന്നു. അല്ലെങ്കിൽ ഇവരൊക്കെ പലവഴിക്കും ചിതറിപ്പോകാനിടയുണ്ട്."

ബാവ സാഹിബിന്റെ അഭിപ്രായമംഗീകരിച്ച് ഹാജി സാഹിബ് പ്രസ്തുത യോഗത്തിൽ വെച്ചുതന്നെ ഹൽഖ രൂപീകരിച്ചു. അന്ന് ബാവ സാഹിബ് ചെയ്ത വാഗ്ദാനം ജീവിതാന്ത്യംവരെ ജാഗ്രതയോടെ പാലിച്ചുപോന്നു. ഹാജിസാഹിബിനോട് അദ്ദേഹം പറഞ്ഞു: "ഞാൻ ഒരു സജീവ രാഷ്ട്രീയ പ്രവർത്തകനായതിനാൽ സംഘടനയിൽ ചേരുന്നില്ല. എന്നാലും എന്റെ എല്ലാവിധ സഹായസഹകരണങ്ങളും എന്നും നിങ്ങൾക്കുണ്ടാകും."

സംസ്ഥാനത്തെ പ്രമുഖനായ രാഷ്ട്രീയ നേതാവായിരിക്കെ ജമാഅത്തെ ഇസ്‌ലാമിയോട് ബാവ സാഹിബിനെപ്പോലെ അടുപ്പവും പ്രതിബദ്ധതയും പുലർത്തിയ മറ്റൊരാളില്ല. 1957-ൽ ആലുവയിൽ നടന്ന സംസ്ഥാന സമ്മേളനം വിജയിപ്പിക്കുന്നതിൽ അദ്ദേഹം വഹിച്ച പങ്ക് അവിസ്മരണീയമാണ്. തന്റെ രാഷ്ട്രീയ സ്വാധീനവും നേതൃപരമായ സാധ്യതകളും ഇസ്‌ലാമിക പ്രസ്ഥാനത്തിനനുഗുണമായി ഉപയോഗിക്കാൻ അദ്ദേഹത്തിന് ഒട്ടും മടിയുണ്ടായിരുന്നില്ല. ഇന്ത്യൻ നാഷനൽ കോൺഗ്രസ് ജമാഅത്തിനെതിരെ വർഗീയത ആരോപിച്ചപ്പോഴൊക്കെ അത് ശുദ്ധ അസംബന്ധമാണെന്ന് തുറന്നു പറഞ്ഞ ബാവ സാഹിബ് എ.ഐ.സി.സി ജമാഅത്തിനെതിരെ പ്രമേയം പാസ്സാക്കാൻ ശ്രമിച്ചപ്പോഴെല്ലാം അതിനെ ശക്തമായി എതിർത്തുപോന്നു. അടിയന്തരാവസ്ഥ കാലത്ത് പ്രസ്ഥാനത്തെ നിരോധിച്ചപ്പോൾ അത് തീർത്തും തെറ്റായ നടപടിയാണെന്ന് തുറന്നു പ്രഖ്യാപിക്കാൻ ധൈര്യംകാണിച്ച അപൂർവം രാഷ്ട്രീയ നേതാക്കളിലൊരാളാണ് അദ്ദേഹം. 1992-ൽ ബാബരി മസ്ജിദിന്റെ തകർച്ചയെ തുടർന്ന് പ്രസ്ഥാനത്തെ നിരോധിച്ചപ്പോഴും ബാവ സാഹിബ് തന്റെ അമർഷവും പ്രതിഷേധവും പ്രകടിപ്പിച്ചു. ജമാഅത്തെ ഇസ്‌ലാമിയോടുള്ള അദ്ദേഹത്തിന്റെ ഈ ഹൃദയബന്ധം തന്നെയാവാം ജീവിച്ചിരിക്കുന്ന ഏകമകൻ ഹാശിം പ്രസ്ഥാനപ്രവർത്തകനാകാൻ കാരണം. ആലുവയിലെ കാർകുനായ ടി.ബി ഹാശിം സാഹിബ് ഹൽഖാ നാസിമും ജില്ലാസമിതിയംഗവുമൊക്കെയായി പ്രവർത്തിച്ചിട്ടുണ്ട്. മകൻ ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകനായതിൽ ബാവ സാഹിബിന് തികഞ്ഞ സംതൃപ്തിയും അഭിമാനവുമാണ് ഉണ്ടായിരുന്നത്. രാഷ്ട്രീയരംഗത്ത് ഉന്നതങ്ങളിലെത്തിയിട്ടും ജീവിതത്തിലുടനീളം വിനയവും വിശുദ്ധിയും പുലർത്താൻ കഴിഞ്ഞ നേതാവായിരുന്നു ബാവ സാഹിബ്.

1919 ജനുവരി 23-ന് ആലുവ തോട്ടുമുഖത്ത് തറക്കണ്ടത്തിൽ വീട്ടിൽ ഊറാന്റെയും ഖദീജയുടെയും മകനായി ജനിച്ച ടി.ഒ ബാവ ചെറുപ്രായത്തിൽ തന്നെ പൊതു പ്രവർത്തനങ്ങളിലും സാമൂഹിക സേവനശ്രമങ്ങളിലും പങ്കാളിയായി. മുസ്‌ലിം യുവജനപ്രസ്ഥാനവും ആസാദ് റീഡിംഗ് റൂമുമായിരുന്നു അദ്ദേഹത്തിന്റെ ആദ്യകാല പ്രവർത്തന മണ്ഡലം. പിന്നീട് മുസ്‌ലിം ലീഗിന്റെ പാകിസ്താൻ പ്രസ്ഥാനത്തിനെതിരെ രംഗത്തുവന്ന മുസ്‌ലിം മജ്‌ലിസിൽ സജീവ പങ്കാളിയായി.

സജീവ രാഷ്ട്രീയത്തിലിറങ്ങിയ ടി.ഒ ബാവ സാഹിബ് 1952-ൽ ആദ്യമായി തിരു-കൊച്ചി നിയസഭയിലേക്ക് മത്സരിച്ചു. അടുത്ത ബന്ധുവും ഭാര്യാസഹോദരനുമായ എം.എം അബ്ദുൽഖാദിറായിരുന്നു എതിർസ്ഥാനാർഥി. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ കടുത്ത നിലപാട് സ്വീകരിച്ച ബാവ സാഹിബ് മതവിരുദ്ധനാണെന്ന് ശക്തമായ പ്രചാരണമുണ്ടായി. ഇത് അദ്ദേഹത്തിന്റെ പരാജയത്തിന് വഴിയൊരുക്കി. എങ്കിലും 1954-ലും '57-ലും '60-ലും നടന്ന തെരഞ്ഞെടുപ്പുകളിൽ വിജയിക്കുകയും ആലുവയെ നിയമസഭയിൽ പ്രതിനിധീകരിക്കുകയും ചെയ്തു. എം.എൽ.എ ആയിരിക്കെത്തന്നെ ഡിസ്ട്രിക്ട് കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റായി. പിന്നീട് കെ.പി.സി.സി സെക്രട്ടറിയും 1967 മുതൽ '69-വരെ പ്രസിഡന്റുമായി.

1957-ലെ ഇ.എം.എസ് മന്ത്രിസഭയിൽ ഭക്ഷ്യമന്ത്രിയായി

രുന്ന കെ.സി ജോർജ് ആന്ധ്രയിൽനിന്ന് അരി ഇറക്കുമതി ചെയ്തതിൽ വമ്പിച്ച അഴിമതി നടത്തിയെന്ന, ടി.ഒ ബാവ സാഹിബിന്റെ ആരോപണം ചരിത്രപ്രധാനമായ സംഭവമായി മാറി. ഏറെ കോളിളക്കം സൃഷ്ടിച്ച ഈ പ്രശ്നം കോടതിയിലെത്തിയപ്പോഴും ബാവ സാഹിബ് ഉറച്ച നിലപാട് സ്വീകരിച്ചു. അഴിമതിയുടെ കറയൊട്ടും പുരളാത്ത അദ്ദേഹത്തിന് അതിനുള്ള ധാർമിക അവകാശമുണ്ടായിരുന്നു. ജസ്റ്റിസ് പി.ടി രാമൻ നായരുടെ ബെഞ്ചിൽ കേസ് വന്നപ്പോൾ അദ്ദേഹം തന്റെ ആരോപണം തെളിവുകൾ നിരത്തി ശക്തമായി ഉന്നയിച്ചു.

കെ.പി.സി.സി പ്രസിഡന്റായിരിക്കെ കാസർകോട്ടുനിന്ന് തിരുവനന്തപുരത്തേക്ക് നടത്തിയ പദയാത്ര ശ്രദ്ധേയമായത് അത് റമദാൻ മാസത്തിൽ നോമ്പെടുത്തുകൊണ്ടായിരുന്നുവെന്നതിനാലാണ്. മതപരമായ കാര്യങ്ങളിൽ കണിശത പുലർത്തിയ അദ്ദേഹം മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബിന്റെ പാരമ്പര്യം അക്ഷരാർഥത്തിൽ നിലനിർത്തി. യാത്രാവേളയിൽ എത്തിപ്പെടുന്ന സ്ഥലത്തെ ഏതെങ്കിലും വീട്ടിൽനിന്നായിരുന്നു അത്താഴവും നോമ്പുതുറയും. നമസ്കാരസമയമായാൽ കോൺഗ്രസ്സിന്റെ സമ്മേളനവേദിയിൽനിന്നുപോലും ഇറങ്ങി പള്ളിയിൽ പോകുന്നതിലും അബ്ദുർറഹ്മാൻ സാഹിബിന്റെ മാതൃക പന്തുടർന്നു.

1969-ൽ കോൺഗ്രസ് പിളർന്നപ്പോൾ നിജലിംഗപ്പയോടൊപ്പം സംഘടനാ കോൺഗ്രസ്സിൽ നിലയുറപ്പിച്ചു. അക്കാലത്ത് അതിന്റെ സംസ്ഥാന പ്രസിഡന്റായി പ്രവർത്തിച്ചു. പിന്നീട് സംഘടനാ കോൺഗ്രസ് ജനതാ പാർട്ടിയിൽ ലയിച്ചപ്പോൾ അതിന്റെ പ്രവർത്തക സമിതി അംഗമായി. ഏറെക്കഴിയും മുമ്പേ കോൺഗ്രസ്സിലേക്ക് തിരിച്ചുവരികയും നേതൃപരമായ പങ്കുവഹിക്കുകയും ചെയ്തു. എങ്കിലും അടിയന്തരാവസ്ഥയോട് പൊരുത്തപ്പെടാൻ സന്നദ്ധനല്ലാതിരുന്ന ബാവ സാഹിബ് 1977 മുതൽ സജീവ രാഷ്ട്രീയത്തോട് വിടപറഞ്ഞു. 1970-കളുടെ ആരംഭത്തിൽ അർബുദരോഗം ബാധിച്ചതും ഈ ഉൾവലിയലിനു കാരണമായിട്ടുണ്ടാവാം.

സ്വാതന്ത്ര്യസമര കാലഘട്ടത്തിന്റെ ആവേശവും വീറും ജീവിതാന്ത്യംവരെ നിലനിർത്തിയ വ്യക്തിത്വത്തിന്റെ ഉടമയാണ് ടി.ഒ ബാവ. നിശ്ചയദാർഢ്യവും ജീവിത ലാളിത്യവും സ്നേഹപൂർവമായ പെരുമാറ്റവും അദ്ദേഹത്തിന്റെ എടുത്തുപറയാവുന്ന പ്രത്യേകതകളാണ്.

പിന്നിട്ട മൂന്നു പതിറ്റാണ്ടുകളിൽ പൊതുവെ നിശ്ശബ്ദനായിരുന്നുവെങ്കിലും മനസ്സിലെ അഗ്നി ഒരിക്കലും അണഞ്ഞിരുന്നില്ല. പണത്തിനും പദവിക്കും വേണ്ടി എന്തും ചെയ്യാൻ ഒട്ടും മടികാട്ടാത്ത രാഷ്ട്രീയക്കാരോടുള്ള കടുത്ത പ്രതിഷേധവും അടക്കാനാവാത്ത ദുഃഖവുമായി അദ്ദേഹം പാലിച്ച മൗനം വാചാലമായിരുന്നു. താൻ മുറുകെ പിടിക്കുന്ന ആദർശം ഇന്നിന് ചേരില്ലെന്ന ബോധമായിരിക്കാം ആ വിപ്ലവകാരിയെ മൗനിയാക്കിയത്. കോൺഗ്രസ് മെമ്പർഷിപ്പ് പുതുക്കാൻ പോലും മടിച്ചു ബാവ സാഹിബ്. സാങ്കേതികതയുടെ പേരിൽ തനിക്ക് വോട്ടവകാശം നിഷേധിച്ചപ്പോഴും മൗനമായിരുന്നു പ്രതികരണം. സാധാരണ ഗതിയിൽ ആരും ബഹളം കൂട്ടി ശ്രദ്ധപിടിച്ചുപറ്റുന്ന സന്ദർഭമാണല്ലോ അത്.

ആലുവയിൽ നടന്ന ജമാഅത്തെ ഇസ്‌ലാമി സമ്മേളനം തടയാനും ബഹിഷ്കരിക്കാനും പലരും ശ്രമിച്ചപ്പോൾ അത് വിജയിപ്പിക്കാൻ എല്ലാവിധ സഹായവും നൽകിയതും പരസ്യമായി പ്രസ്ഥാനത്തെ പിന്തുണച്ചതും അദ്ദേഹത്തിന്റെ ആദർശധീരതക്കു തെളിവാണ്. രാഷ്ട്രീയക്കാർ വോട്ടു നഷ്ടപ്പെടാതിരിക്കാനും ഭൂരിപക്ഷത്തെ പിന്തുണക്കാനുമാണല്ലോ സാധാരണ ശ്രമിക്കാറ്. അതിൽനിന്ന് ഭിന്നമായി വിരലിലെണ്ണാവുന്ന അനുയായികൾ മാത്രമുണ്ടായിരുന്ന ജമാഅത്തിനെ പിന്തുണച്ചത് താൻ ശരിയെന്ന് വിശ്വസിക്കുന്നതിനുവേണ്ടി നിലകൊള്ളാനും അതിന്റെ പേരിൽ സംഭവിച്ചേക്കാവുന്ന ഏത് ഭൗതിക നഷ്ടവും ഏറ്റുവാങ്ങാനുമുള്ള സന്നദ്ധതക്കും ആർജവത്തിനുമുള്ള മികച്ച തെളിവാണ്. മൗനസാന്നിധ്യംകൊണ്ട് രാഷ്ട്രീയത്തിലെ ധാർമികതക്ക് കരുത്തുപകർന്നിരുന്ന അദ്ദേഹത്തിന്റെ വിയോഗം നന്മ കൊതിക്കുന്ന മുഴുവൻ കേരളീയർക്കും വരുത്തിയ നഷ്ടം വലുതാണ്.

അല്ലാഹു അദ്ദേഹത്തിന് മഗ്ഫിറത്തും മർഹമത്തും നൽകുകയും അവന്റെ അനുഗൃഹീതമായ സ്വർഗത്തിൽ അദ്ദേഹത്തിനും നമുക്കും ഇടം നൽകുകയും ചെയ്യുമാറാകട്ടെ-ആമീൻ. ■